"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - ഡെപ്യൂട്ടി ഡയറക്ടർ/ജില്ലാ ഭാഗ്യക്കുറി ഓഫീസർ തസ്തികകളിലേയ്ക്ക് സ്ഥാനക്കയറ്റം/സ്ഥലംമാറ്റം/നിയമനം നടത്തി ഉത്തരവ് - പുറപ്പെടുവിക്കുന്നു.

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.600/2025/TAXES തീയതി,തിരുവനന്തപുരം, 26-06-2025

പരാമർശം:-
1. 11/06/2025 ലെ TAXES-H1/148/2025-TAXES പ്രകാരം വിജ്ഞാപനം ചെയ്ത 2025-ലെ സെലക്ട് ലിസ്റ്റ്
2. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 16/06/2025-ലെ SLTY/2816/2025-E2 നമ്പർ കത്ത്

**ഉത്തരവ്**

കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ് കാസർഗോഡ് ജില്ലാ ഓഫീസിൽ ജില്ലാ ഭാഗ്യക്കുറി ക്ഷേമ ഓഫീസറായി അന്യത്രസേവനം അനുഷ്ഠിച്ചുവരുന്ന ശ്രീ.എം.വി.രാജേഷ്കുമാറിനെ (PEN: 310367) അന്യത്രസേവനം അവസാനിപ്പിച്ച് സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ തിരികെ പ്രവേശിപ്പിക്കുന്നു.

2.പരാമർശം (1),(2) എന്നിവയുടെ അടിസ്ഥാനത്തിൽ ഭരണപരമായ സൗകര്യവും പൊതുതാല്പര്യവും മുൻനിർത്തി സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ ചുവടെപ്പറയുന്ന സ്ഥാനക്കയറ്റം/സ്ഥലംമാറ്റം/നിയമനം നടത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു;

**(I)ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ ചുവടെപ്പറയും പ്രകാരം സ്ഥലംമാറ്റം നടത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റിൽ വിൽപ്പന & അച്ചടി വിഭാഗം ഡെപ്യൂട്ടി ഡയറക്ടർ ശ്രീ.അനിൽകുമാർ.കെ.എസ് (PEN: 310225) കോഴിക്കോട് ഭാഗ്യക്കുറി ആഭ്യന്തര ഓഡിറ്റ് വിഭാഗം ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി.ബി.കെ.വിജയലക്ഷ്മി (PEN: 310194) എന്നിവരെ പരസ്പരം സ്ഥലംമാറ്റി നിയമിക്കുന്നു.

**(II)ജില്ലാ ഭാഗ്യക്കുറി ഓഫീസർ തസ്തികയിൽ ചുവടെപ്പറയും പ്രകാരം സ്ഥലംമാറ്റം നടത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

1. കണ്ണൂർ ജില്ലാ ഭാഗ്യക്കുറി ഓഫീസർ ശ്രീ.ഹരീഷ.കെ (PEN: 310370),കാസർഗോഡ് ജില്ലാ ഭാഗ്യക്കുറി ഓഫീസർ ശ്രീ.രജിത്കുമാർ.എം.കെ (PEN: 310372) എന്നിവരെ പരസ്പരം സ്ഥലംമാറ്റി നിയമിക്കുന്നു.
2. ഇടുക്കി ജില്ലാ ഭാഗ്യക്കുറി ഓഫീസർ ശ്രീ.സജുകുമാർ.പി (PEN: 310186)-യെ പത്തനംതിട്ട ജില്ലാ ഭാഗ്യക്കുറി ഓഫീസർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ

സ്ഥലംമാറ്റി നിയമിക്കുന്നു.

3. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റിലെ നവീകരണ വിഭാഗം ജില്ലാ ഭാഗ്യക്കുറി ഓഫീസർ ശ്രീ.ക്രിസ്റ്റിമൈക്കിൾ (PEN: 808956)-നെ മേൽ ഖണ്ഡിക 2(II)(2) പ്രകാരം ശ്രീ.സജുകുമാർ.പിയെ സ്ഥലം മാറ്റുമ്പോൾ ഉണ്ടാകുന്ന ഒഴിവിൽ ഇടുക്കി ജില്ലാ ഭാഗ്യക്കുറി ഓഫീസർ തസ്തികയിൽ സ്ഥലംമാറ്റി നിയമിക്കുന്നു.

**(III)<u>ജില്ലാ ഭാഗ്യക്കുറി ഓഫീസർ തസ്തികയിൽ 56,500-1,18,100 ശമ്പള സ്കെയിയിൽ ചുവടെ പറയുംപ്രകാരം സ്ഥാനക്കയറ്റം നടത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.</u>**

1. സീനിയർ മോസ്റ്റ് അസിസ്റ്റന്റ് ജില്ലാ ഭാഗ്യക്കുറി ഓഫീസർ ശ്രീ.സതീഷ് കുമാർ.എം (PEN: 310161)ന് ജില്ലാ ഭാഗ്യക്കുറി ഓഫിസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി മലപ്പുറം ജില്ലാ ഭാഗ്യക്കുറി ഓഫീസർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമിക്കുന്നു.
2. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റിലെ സീനിയർ സൂപ്രണ്ട് ശ്രീമതി.ഇന്ദുജ.ഐ.ജെക്ക് (PEN: 855040) ജില്ലാ ഭാഗ്യക്കുറി ഓഫിസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി എറണാകുളം ജില്ലാ ഭാഗ്യക്കുറി ഓഫീസർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമിക്കുന്നു.
3. മേൽ ഖണ്ഡിക (1) പ്രകാരം സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ സേവനത്തിൽ തിരികെ പ്രവേശിപ്പിച്ച ശ്രീ.എം.വി.രാജേഷ് കുമാറിനെ (PEN: 310367) വയനാട് ജില്ലാ ഭാഗ്യക്കുറി ഓഫീസർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമിക്കുന്നു.
4. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റിലെ സീനിയർ സൂപ്രണ്ട് ശ്രീമതി.രാധിക കൃഷ്ണന് (PEN: 310151) ജില്ലാ ഭാഗ്യക്കുറി ഓഫീസറായി സ്ഥാനക്കയറ്റം നൽകി മേൽ ഖണ്ഡിക 2(II)(3) പ്രകാരം ശ്രീ.ക്രിസ്റ്റി മൈക്കിളിനെ സ്ഥലം മാറ്റുമ്പോൾ ഉണ്ടാകുന്ന ഒഴിവിൽ സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റ് നവീകരണ വിഭാഗം ജില്ലാ ഭാഗ്യക്കുറി ഓഫീസർ തസ്തികയിൽ നിയമിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ആതിര എസ് വി കെ എ എസ്
അണ്ടർ സെക്രട്ടറി

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ, തിരുവനന്തപുരം
2. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ മുഖാന്തരം)
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
4. നോഡൽ ഓഫീസർ, സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് (വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
5. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി (TAXES-H1/181/2025-TAXES)

ഉത്തരവിൻ പ്രകാരം

**Signed by Babu. G**
**Date: 26-06-2025 12:16:44**

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്